മുൻക്കൂർ കേന്ദ്രസഹായം

1257 [2237] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കേരളം കേന്ദ്രത്തോട് 200 കോടി രൂപയുടെ മുൻകൂർ സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തെപ്പറ്റി വിശദീകരിക്കാമോ ;

(സി) ഏതെല്ലാം കാര്യങ്ങൾക്കാണ് മുൻകൂർ സഹായം ആവശ്യപ്പെട്ടത് ;

(ഡി) അതിനുള്ള കാരണങ്ങളും ആവശ്യങ്ങളും വെളിപ്പെടുത്തുമോ ;

(ഇ) ഇക്കാര്യത്തിൽ കേന്ദ്രഗവൺമെൻറുമായി ചർച്ച നടത്തിയോ; എങ്കിൽ എന്നാണ്; കേന്ദ്ര ഗൺമെൻറിൻെറ പ്രതികരണമെന്ത് ?

ഉത്തരം

(എ) ഇല്ല.

(ബി, സി, ഡി, ഇ) ചോദ്യം ഉദിക്കുന്നില്ല.

ഫിനാൻഷ്യൽ എൻറർപ്രൈസസിൻെറ ചെക്ക്

1258 [2238] ശ്രീ. വി. കെ. രാജൻ :
,, കെ. ടി. കുമാരൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, കെ. ടി. കണാരൻ :

ഡോക്ടർ എ. സുബ്ബറാവു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കേരളാസ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസിൻെറ ഏതെങ്കിലും ശാഖയിൽനിന്നും ചിട്ടി പണമിനത്തിൽ കൊടുത്ത ചെക്ക് രൂപയില്ലാത്തതുമൂലം ബാങ്കിൽ നിന്നും മടക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് ശാഖയിൽനിന്ന് ;

(സി) തുടർന്നു എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ, ബി, സി) വിവരം ശേഖരിച്ചു വരുന്നു.

തെത്തിൽ സെയിൽസ് ടാക്സ് ചെക്ക്പോസ്റ്റ്

1259 [2239] ശ്രീ. സി. പി അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് താലൂക്കിലെ തെത്തിൽ സെയിൽസ് ടാക്സ് ചെക്ക്പോസ്റ്റ് സംസ്ഥാനത്തിനകത്തായതിനാൽ അതുകൊണ്ട് കാര്യമായപ്രയോജനം ലഭിക്കുന്നില്ലായെന്നത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ മഞ്ചേശ്വരം അതിർത്തി ചെക്കുപോസ്റ്റിലേക്ക് ആ ഉദ്യോഗസ്ഥൻമാരുടെ സേവനം ഉപയോഗിക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുമോ ?

ഉത്തരം

(എ, ബി) ഇങ്ങനെയൊരു ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിശോധിക്കാവുന്നതാണ്.

[ചോദ്യോത്തരസമയം കഴിഞ്ഞു.]

II. അടിയന്തിരപ്രമേയം

നിഷേധിക്കപ്പെട്ട മിനിമം വേജസിനുവേണ്ടി കശുവണ്ടിത്തൊഴിലാളികൾ നടത്തുന്ന സമരം

മി. സ്പീക്കർ: നിഷേധിക്കപ്പെട്ട മിനിമം വേജസിനുവേണ്ടി കഴിഞ്ഞ മൂന്നാഴ്ചക്കാലമായി സമരം ചെയ്യുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികളിൽ പണിയെടുക്കുന്ന ഒരു ലക്ഷത്തോളം തൊഴിലാളികൾക്കെതിരായി പോലീസിന്റെ സഹായത്തോടുകൂടി സ്വകാര്യ വ്യവസായികളിൽ
9.30A.M.] പലരും ഗുണ്ടകളേയും റൗഡികളേയും ഇറക്കിവിട്ട് ഭീഷണിപ്പെടുത്തുകയും സംഘട്ടനങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നതുമൂലം ഉളവായതായി പറയപ്പെടുന്ന ഗുരുതരാവസ്ഥയെപ്പറ്റി ചർച്ച ചെയ്യുവാൻ ഇന്നത്തെ സഭാനടപടികൾ നിറുത്തിവെയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. ആർ. എസ്. ഉണ്ണി, ശ്രീ. സി. കെ. തങ്കപ്പൻ, ശ്രീമതി ഭാർഗവി തങ്കപ്പൻ, ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ, ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കൊല്ലം ജില്ലയിൽ 23-6-1986 മുതൽ 128 കശുവണ്ടി ഫാക്ടറികളിലെ ജീവനക്കാർ സമരത്തിലാണ്. 27-6-1986-ൽ കിളിക്കൊല്ലൂർ നൗഷദ് കാഷ്യു ഫാക്ടറിയുടെ ഉടമസ്ഥന്റെ വീട് 23 സ്ത്രീ തൊഴിലാളികളും, ഒരു പുരുഷ തൊഴിലാളിയും അവരുടെ ശമ്പളത്തിനായി വളഞ്ഞപ്പോൾ പോലീസ് അവരെ നീക്കം ചെയ്തു. കേരള പോലീസ് ആക്ട് അനുസരിച്ച് ഒരു പെറ്റി കേസ് ചാർജ്ജ് ചെയ്തിരിക്കുകയാണ്. കോടതി മേൽപ്പറഞ്ഞ 24 പേരെയും ശിക്ഷിച്ചിട്ടുണ്ട്.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു സ്ഥലത്ത് മാത്രമല്ല പല സ്ഥലത്തും കശുവണ്ടി മുതലാളിമാർ, സത്യാഗ്രഹം ചെയ്യുന്ന തൊഴിലാളികളെ ഭീഷണിപ്പെടുത്തുകയും അവരെ ഉപദ്രവിക്കുന്നതിനുവേണ്ടി ഗുണ്ടകളേയും റൗഡികളേയും ഇറക്കിവിടുകയും ചെയ്യുന്നു. പോലീസ് പരോക്ഷമായി മുതലാളിമാരെ സഹായിക്കുകയാണ്. ഈ റൗഡികൾക്കെതിരെ കേസുകളൊന്നും എടുക്കുന്നില്ല. തൊഴിലാളികൾക്കാണ് ഉപദ്രവം ഉണ്ടാക്കുന്നത്. സമരം ആരംഭിച്ചിട്ട് വളരെ നാളുകളായി. കഴിഞ്ഞ മേയ് മാസം മുതൽ സമരം നടക്കുകയാണ്. മൂന്നാം തീയതിതൊട്ട് എല്ലാ ഫാക്ടറി പടിക്കലും തൊഴിലാളികൾ സത്യാഗ്രഹം നടത്തുകയാണ്. കൈക്കുഞ്ഞുങ്ങളുമായി സ്ത്രീതൊഴിലാളികളും രാപ്പകലില്ലാതെ ഫാക്ടറിപ്പടിക്കൽ കഴിഞ്ഞുകൂടുന്നു. അവർ ശമ്പളം വാങ്ങുന്നില്ല. അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly